# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.93/PR/PIC/PHQ/17 Date : 08.05.2017

---

**സംസ്ഥാന പോലീസ് മേധാവിയെ സന്ദർശിക്കുന്നതിനുള്ള സമയക്രമം**

പരാതികൾ നല്കുന്നതിനും പരിഹാരം തേടുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവിയെ നേരിൽ സന്ദർശിക്കുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11.00 മുതൽ ഒരു മണിവരെയുള്ള സമയം ഉപയോഗപ്പെടുത്താം. സംസ്ഥാന പോലീസ് മേധാവി ഓഫീസിലുള്ള ദിവസങ്ങളിലാണ് സന്ദർശനം അനുവദിക്കുക. ഇക്കാര്യം **0471 2721601** എന്ന ഫോൺനമ്പരിൽ വിളിച്ച് ഉറപ്പാക്കാവുന്നതാണ്. സാമാന്യേന, ജില്ലാ പോലീസ് മേധാവിമാർ, റേഞ്ച് ഐ.ജി.മാർ എന്നിവർക്ക് പരാതി നൽകിയിട്ടും തീർപ്പാക്കാത്ത വിഷയങ്ങളാണ് സംസ്ഥാന പോലീസ് മേധാവിക്കു മുന്നിൽ ഉന്നയിക്കേണ്ടത്. എന്നാൽ വളരെ അടിയന്തരമായ കാര്യങ്ങളിലും അനിവാര്യമായ സന്ദർഭങ്ങളിലും നേരിട്ട് തന്നെ പരാതി നൽകാമെന്നും സംസ്ഥാന പോലീസ് മേധാവി ഡോ. ടി.പി. സെൻകുമാർ അറിയിച്ചു.